**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1984** **29-09-2025 - ൽ മറുപടിയ്ക്ക്**

**തേവലക്കര ഗ്രാമപഞ്ചായത്തിൽ തീരദേശ റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ചവറ മണ്ഡലത്തിലെ തേവലക്കര ഗ്രാമപഞ്ചായത്തിൽ തീരദേശ റോഡ് വികസന ഫണ്ട് ഉപയോഗിച്ച് 2017-ൽ ആരംഭിച്ച തീരദേശ റോഡിന്റെ നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചവറ മണ്ഡലത്തിലെ തേവലക്കര ഗ്രാമപഞ്ചായത്തിൽ തീരദേശ റോഡ്‌വികസന ഫണ്ട് ഉപയോഗിച്ച് 2017 -ൽ ആരംഭിച്ച തീരദേശ റോഡുകളുടെയെല്ലാം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>കൊല്ലം ജില്ലയിലെ ചവറ നിയോജക മണ്ഡലത്തിലെ തേവലക്കര പഞ്ചായത്തിലെ തുപ്പാശ്ശേരിക്കടവ് മുതൽ ചരുവിളക്കടവ് വരെയുള്ള റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയ്ക്ക് 445 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയതനുസരിച്ച് കരാറിലേർപ്പെട്ട് പ്രവൃത്തി ആരംഭിച്ചിരുന്നു. 3700 മീറ്റർ നീളമുള്ള റോഡിന്റെ തുടക്കഭാഗത്ത് സ്ഥലം ലഭ്യമല്ലാത്തതിനാൽ ആദ്യത്തെ 635 മീറ്റർ നീളം റോഡ് പ്രവൃത്തിയും, സ്വകാര്യ റിസോർട്ട് സ്ഥിതി ചെയ്യുന്നതിനാൽ തുടർന്നുള്ള 330 മീറ്റർ റോഡ് പ്രവൃത്തിയും നടപ്പിലാക്കാൻ സാധിച്ചിരുന്നില്ല. റോഡിന്റെ അവസാന 700 മീറ്റർ ഭാഗത്ത് നിലവിൽ ടാർ റോഡ് ആയിരുന്നത്, scarification ചെയ്ത് WMM വിരിച്ച് ടാറിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. റിസോർട്ടിന് ശേഷമുള്ള 535 മീറ്റർ ഭാഗത്ത് സംരക്ഷണ ഭിത്തി നിർമ്മാണം, റോഡ് ഫില്ലിംഗ് എന്നിവ പൂർണ്ണമായും തുടർന്നു. 1480 മീറ്റർ ഭാഗത്ത് സംരക്ഷണഭിത്തി നിർമ്മാണം, ക്രോസ് ഡ്രെയിനുകളുടെ നിർമ്മാണം, ക്വാറി മക്ക് ഫില്ലിംഗ് എന്നിവ ഭാഗികമായി നടപ്പാക്കിയിട്ടുണ്ട്. DSR Rate Revision നിലവിൽ വന്നതിനാലും കരാറുകാരന്റെ ഭാഗത്ത് നിന്നുള്ള കാലതാമസം അല്ലാത്തതിനാലും കരാറുകാരന്റെ അഭ്യർത്ഥന മാനിച്ച് ടിയാനെ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. തുടർന്ന് ബാക്കി പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത റോഡ് നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | ഡോ. സുജിത് വിജയൻപിള്ള എം.എൽ.എ യുടെ നേതൃത്വത്തിൽ നിരവധി ചർച്ചകൾ നടത്തിയതിലെ തീരുമാന പ്രകാരവും പ്രവൃത്തി നടപ്പിലാക്കുന്നതിന് സ്വകാര്യസ്ഥലം വിട്ടുകിട്ടാത്ത സാഹചര്യത്തിലും റോഡിന്റെ അലൈൻമെന്റിലുള്ള റിസോർട്ടിന്റെ ഭാഗം ഒഴിച്ച് ശേഷിക്കുന്ന ഭാഗത്ത് (റിസോർട്ടിന് ഇരുവശവുമുള്ള വ്യക്തികളുടെ സ്ഥലം വരെ) റോഡ് നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുള്ളതുമാണ്. ഇതു പ്രകാരം ബാലൻസ് പ്രവൃത്തിയ്ക്ക് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ